# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 185 08.06.2015-ൽ മറുപടിയ്ക്ക്

### യു.എ.പി.എ, കാപ്പ നിയമങ്ങളുടെ ദുരുപയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എളമരം കരീം<br>ശ്രീ ജെയിംസ് മാത്യു<br>ശ്രീ എസ്. രാജേന്ദ്രൻ<br>ശ്രീ ബാബു എം. പാലിശ്ശേരി | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) യു.എ.പി.എ. കാപ്പ തുടങ്ങിയ നിയമങ്ങൾ ഉപയോഗിച്ച് രാഷ്ട്രീയ പ്രതിയോഗികളെ കള്ളക്കേസെടുത്ത് ജയിലിലടയ്ക്കുകയും നാടുകടത്തുകയും ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) പ്രസ്തുത നിയമങ്ങളുടെ ഉദ്ദേശങ്ങൾക്ക് അനുസൃതമായി കൊടും ക്രിമിനലുകൾ ക്കെതിരെ ഉപയോഗിക്കാതിരിക്കുകയും രാഷ്ട്രീയ പാർട്ടി പ്രവർത്തകർക്കെതിരെ വിനി യോഗിക്കുകയും ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും<br><br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഈ സർക്കാരിന്റെ കാലത്ത് യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങളുടെ ദുർവിനി യോഗത്തെ തുടർന്ന് കോടതികൾക്ക് ഇടപെടേണ്ടി വന്നിട്ടുള്ളതായി അറിയാമോ ; | (സി) ഈ സർക്കാരിന്റ കാലത്ത് അത്തരം കോടതി ഇടപെടലുകൾ ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഡി) കാപ്പ നിയമപ്രകാരം പോലീസ് എടുത്ത എത്ര നടപടികൾ കോടതി പിന്നീട് റദ്ദ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിച്ച 71 കരുതൽ തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ ഈ സർക്കാരിന്റെ കാലത്ത് കോടതി റദ്ദ് ചെയ്തിട്ടുണ്ട്. പ്രതി ചെയ്ത അവസാനത്തെ കുറ്റകൃത്യം നടന്ന തീയതിവച്ച് കണക്കാക്കു മ്പോൾ തടങ്കൽ ഉത്തരവ് പുറപ്പടുവിച്ചതിൽ കാലതാമസമുണ്ടാകുക, പ്രഥമ വിവര സ്റ്റേറ്റ്മെന്റുകൾ, സാക്ഷിമൊഴികൾ, ജാമ്യ ഉത്തരവുകൾ, ക്രിമിനൽ നടപടിക്രമത്തിലെ സെക്യൂരിറ്റി നടപടികൾ എന്നിവയെ സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട വ്യക്തിക്ക് നൽകാതിരിക്കുക, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന തിൽ നിന്നും തടയുന്നതിന് സി.ആർ.പി.സി. 107-ാം വകുപ്പ |

പ്രകാരമുള്ള സെക്യൂരിറ്റി നടപടികൾ പോലെയുള്ള സാധാരണ നിയമ നടപടികൾ പര്യാപ്തമായിരുന്നോ എന്ന് പരിശോധിക്കാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ ഭരണഘടനയിലെ രക്ഷാവ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടറി നടപടിക്രമങ്ങളും പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല എന്ന് കണ്ടെത്തുന്ന കേസുകളിലാണ് കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം പുറപ്പെടുവിക്കുന്ന തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ കോടതി റദ്ദ് ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ